## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.894 — 25.01.2018-ൽ മറുപടിയ്ക്ക്

## വന നിയമത്തിലെ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സണ്ണി ജോസഫ്** | **അഡ്വ.കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) മുളയെ മരമായി പരിഗണിക്കേണ്ടതില്ലെന്ന വന നിയമത്തിലെ ഭേദഗതി ആദിവാസികളുടെയും കർഷകരുടെയും താല്പര്യങ്ങൾക്ക് എതിരാണെന്നത് വസ്തുതയാണോ; | (എ) 1927-ലെ ഇന്ത്യൻ ഫോറസ്റ്റ് ആക്ടിൽ 2017-ൽ കൊണ്ടുവന്ന ഭേദഗതി ഓർഡിനൻസിലൂടെ മുളയെ മരമെന്ന നിർവ്വചനത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും കേരള വന നിയമം 1961 പ്രകാരം മരത്തിന്റെ നിർവ്വചനത്തിൽ മുളകൂടി ഉൾപ്പെടുന്നുണ്ട്. ആയത് നാളിതുവരെ ഭേദഗതി ചെയ്തിട്ടില്ല. |
| (ബി) ഗ്രാമസഭകൾക്ക് വനാവകാശ നിയമം നൽകുന്ന അധികാരങ്ങൾ ഇല്ലാതാക്കാനും നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുള ലഭിക്കാത്ത സാഹചര്യം സൃഷ്ടിക്കാനും ഈ ഭേദഗതി ഇടയാക്കുമെന്ന ആദിവാസികളുടെ ആശങ്കയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുവെന്ന് വ്യക്തമാക്കാമോ? | (ബി) 2006 ലെ കേന്ദ്ര വനാവകാശ നിയമ പ്രകാരം എല്ലാ തടിയിതര വന വിഭവങ്ങളും ലഘുവനോൽപ്പന്നങ്ങൾ (Minor Forest Produce) ആയാണ് നിർവ്വചിച്ചിട്ടുള്ളത്. അതിൽ മുളയും ലഘുവനോൽപ്പന്നമാണ്. ആയതിനാൽ വനാവകാശ നിയമം നൽകുന്ന അധികാരങ്ങൾ ഇല്ലാതാകുകയോ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുള ലഭിക്കാതിരിക്കുകയോ ചെയ്യില്ല. |

സെക്ഷൻ ഓഫീസർ